## സി. മറ്റു പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപലക്ഷത്തിൽ) |
|---|---|---|
| 1 | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ | 1,430.00 |
| 2 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ | 750.00 |
| 3 | അർഹരായ മറ്റു സമുദായക്കാർക്ക് വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ<br>(ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ) | 5,320.00 |
| 4 | പരമ്പരാഗത തൊഴിലുകൾക്കുള്ള സഹായം<br>(ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ) | 300.00 |
| 5 | മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള വിദേശ സ്കോളർഷിപ്പുകൾ | 120.00 |
| 6 | തൊഴിൽദായക പരിപാടികൾ<br>(ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ) | 850.00 |
| 7 | പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ആധുനിക വൽക്കരണം | 50.00 |
| 8 | മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് (സംസ്ഥാന വിഹിതം 50 ശതമാനം) | 2,500.00 |
| 9 | പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ (40 ശതമാനം സംസ്ഥാന വിഹിതം) | 100.00 |
| **ആകെ** | | **11,420.00** |

### 1. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ

**(വിഹിതം: 1,430.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനു വേണ്ടി ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും സഹായം ലഭിക്കുന്നതിനുള്ള ഓഹരി മൂലധന സഹായമായിട്ടാണ് പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളത്. വിവാഹ ധനസഹായം വായ്പ,വിദ്യാശ്രീ വായ്പ, പ്രവർത്തന മൂലധന വായ്പ, വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള വായ്പ, താഴ്ന്ന വരുമാനക്കാർക്കുള്ള സുവർണ്ണശ്രീ വായ്പ, വീടിന്റെ അറ്റകുറ്റ പണികൾക്കായുള്ള വായ്പ, വാഹന വായ്പ, വീട്ടുപകരണങ്ങൾക്കുള്ള വായ്പ, ഉയർന്ന വരുമാനക്കാർക്കുള്ള വ്യക്തിഗത വായ്പ എന്നിവയാക്കായി തുക വിനിയോഗിക്കാവുന്നതാണ്. 2019–20 –ൽ ഈ പദ്ധതിക്കായി 1,430.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 2. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

**(വിഹിതം: 750.00 ലക്ഷം രൂപ)**

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരുടെയും മറ്റു ശുപാർശിത മത വിഭാഗക്കാരുടെയും സാമ്പത്തിക പുരോഗതിക്കുതകുന്ന വികസന പ്രവർത്തനങ്ങൾ, സംസ്ഥാന സർക്കാരിൽ നിന്നു ലഭിക്കുന്ന ധനസഹായവും NBCFDC.-യിൽ നിന്നുള്ള വായ്പയും വിനിയോഗിച്ച് കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. കൃഷി ഭൂമി വാങ്ങുന്നതിനായുള്ള സാമ്പത്തിക സഹായം, ഭവന പദ്ധതി, ഭവന പുനരുദ്ധാരണം, വിദ്യാർത്ഥികൾക്കുള്ള ധനസഹായം, ഭൂരഹിത ഭവനരഹിത പദ്ധതി, വിവാഹത്തിനായുള്ള വായ്പാ പദ്ധതി, വ്യക്തിഗതവായ്പ പദ്ധതി, തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ, മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലന പരിപാടികൾ, ബോധവൽക്കരണ

ക്ലാസുകൾ, പി.എസ്.സി/ബാങ്ക് ടെസ്റ്റ് പരിശീലന പരിപാടി, ചികിത്സാസഹായം, NBCFDC പദ്ധതിക്കുള്ള സംസ്ഥാന വിഹിതം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വിഹിതം വകയിരുത്തിയിരിക്കുന്നു.

2019–20 –ൽ ഈ പരിപാടിക്കായി 750.00 ലക്ഷം രൂപ കോർപ്പറേഷന് ഓഹരി മൂലധനമായി വകയിരുത്തിയിരിക്കുന്നു.

## 3. അർഹരായ മറ്റു സമുദായക്കാർക്ക് വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ (ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ)

**(വിഹിതം: 5,320.00 ലക്ഷം രൂപ)**

താഴെ പറയുന്ന രണ്ട് ഘടകങ്ങൾ ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### (എ) പ്രീ മെട്രിക് സഹായം (ഒ.ഇ.സി)

**(വിഹിതം: 500.00 ലക്ഷം രൂപ)**

മറ്റു പിന്നാക്ക സമുദായത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളെ മറ്റ് അർഹതപ്പെട്ട സമൂഹമായി കണക്കാക്കുന്നു. ഈ വിഭാഗത്തിലെ പ്രീ–മെട്രിക് വിദ്യാർത്ഥികൾക്ക് സർക്കാർ മാനദണ്ഡ പ്രകാരം വിദ്യാഭ്യാസ സഹായം നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ പദ്ധതി വിഹിതവും പദ്ധതിയേതര വിഹിതവും വിനിയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 23.05.2014–ലെ ജി.ഒ (എം.എസ്) 10/2014/ബി.സി.ഡി.ഡി പ്രകാരം 30 പുതിയ വിഭാഗങ്ങൾക്ക് കൂടി ഒ.ഇ.സി. കമ്മ്യൂണിറ്റിയ്ക്ക് തുല്യമായ ധനസഹായത്തിന് അർഹതയുണ്ട് ഇവരുടെ വാർഷിക വരുമാന പരിധി 6 ലക്ഷത്തിൽ താഴെ ആയിരിക്കണം. 2019–20–ൽ ഈ പദ്ധതിയ്ക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗനിർണ്ണയ സ്ഥിതി വിവരത്തിന്റെ അടിസ്ഥാനത്തിൽ നിന്ന് 60 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുന്നതാണ്.

### (ബി) പോസ്റ്റ് മെട്രിക് സഹായം (ഒ.ഇ.സി)

**(വിഹിതം: 4,820.00 ലക്ഷം രൂപ)**

മറ്റ് അർഹതപ്പെട്ട വിഭാഗത്തിലെ പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സർക്കാർ മാനദണ്ഡ പ്രകാരം വിദ്യാഭ്യാസ സഹായം കൊടുക്കുന്നതിനുള്ള സംസ്ഥാന പരിപാടിയാണിത്. ഈ പരിപാടി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ പദ്ധതി പദ്ധതിയേതര വിഹിതങ്ങൾ വിനിയോഗിക്കുന്നു. 23.05.2014–ലെ ജി.ഒ (എം.എസ്) 10/2014/ബി.സി.ഡി.ഡി പ്രകാരം 30 പുതിയ വിഭാഗങ്ങൾക്ക് കൂടി ഒ.ഇ.സി. കമ്മ്യൂണിറ്റിയ്ക്ക് തുല്യമായ ധനസഹായത്തിന് അർഹതയുണ്ട് ഇവരുടെ വാർഷിക വരുമാന പരിധി 6 ലക്ഷത്തിൽ താഴെ ആയിരിക്കണം. പോസ്റ്റ് മെട്രിക്കുലേഷൻ കോഴ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള സമർത്ഥരായ കുട്ടികൾക്ക് സർക്കാർ മാനദണ്ഡപ്രകാരമുള്ള ധനസഹായവും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2019–20–ൽ ഈ പരിപാടിയ്ക്കായി 4,820.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗനിർണ്ണയ സ്ഥിതി വിവരത്തിന്റെ അടിസ്ഥാനത്തിൽ 60 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

## 4. പരമ്പരാഗത തൊഴിലുകൾക്കുള്ള സഹായം (ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ)

**(വിഹിതം: 300.00 ലക്ഷം രൂപ)**

ഈ പദ്ധതിയിൽ താഴെ പറയുന്ന മൂന്ന് പരിപാടികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

### (എ) മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള സഹായം

**(വിഹിതം: 50.00 ലക്ഷം രൂപ)**

പിന്നാക്ക വിഭാഗ സമുദായത്തിലെ ചില വിഭാഗങ്ങൾ മൺപാത്ര നിർമ്മാണം ഉൾപ്പെടെ പരമ്പരാഗത തൊഴിൽ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു. പരമ്പരാഗത മൺപാത്ര നിർമ്മാണക്കാർ പ്രാചീനമായ രീതിയാണ് ഉൽപ്പന്ന നിർമ്മാണത്തിൽ പിൻതുടരുന്നത് . ഇവർ കമ്പോളത്തിൽ കടുത്ത മത്സരങ്ങൾ നേരിടുന്നുണ്ട്. ഈ പരമ്പരാഗത വ്യവസായത്തെ പുനരുജ്ജീവിപ്പിക്കാൻ മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് ആധുനിക രീതികളിലുള്ള നിർമ്മാണത്തെക്കുറിച്ച് പരിശീലനം നൽകാനും ഈ മേഖല നവീകരിക്കാനും യന്ത്രവൽക്കരിക്കാനും ആവശ്യമായ സാമ്പത്തിക സഹായം നൽകേണ്ടതുണ്ട്. പ്രളയത്തിൽ ദുരിതമനുഭവിച്ചവർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. 2019–20–ൽ ഈ പരിപാടിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ലിംഗനിർണ്ണയ സ്ഥിതി വിവരത്തിന്റെ അടിസ്ഥാനത്തിൽ 25 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

### (ബി) ബാർബർഷോപ്പുകളുടെ നവീകരണത്തിനു വേണ്ടിയുള്ള സഹായം

**(വിഹിതം: 50.00 ലക്ഷം രൂപ)**

പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗതമായി മുടിവെട്ടുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ സാമ്പത്തികവും സാമൂഹികവുമായി പാർശ്വവത്കരിക്കപ്പെട്ട അവസ്ഥയിലാണ്. നവീന ഉപകരണങ്ങളോടു കൂടിയ ബ്യൂട്ടി പാർലറുകളുടെ ആവിർഭാവം ഇവരുടെ നിലനിൽപ്പിന് തന്നെ വെല്ലുവിളി സൃഷ്ടിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ അവരുടെ പ്രവർത്തന മേഖല നവീകരിക്കാനുള്ള സാമ്പത്തിക സഹായം നൽകിയാൽ മാത്രമേ ഇവർക്ക് ഈ മേഖലയിൽ തുടരാൻ സാധിക്കുകയുള്ളൂ. പ്രളയത്തിൽ ദുരിതമനുഭവിച്ചവർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. 25000 രൂപ വീതം ഓരോ വ്യക്തിക്കും നൽകാൻ ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു. ഏകദേശം 200 ഗുണഭോക്താക്കൾക്ക് ഈ ഉപപദ്ധതികൊണ്ട് പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതിലേക്കായി 2019-20-ൽ 50.00 ലക്ഷം രൂപ വകയിരുത്തുന്നു.

### (സി) മറ്റു പിന്നാക്ക സമുദായത്തിലെ പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്ക് നൈപുണ്യ വികസന പരിശീലനവും പണി ആയുധങ്ങൾക്ക് ഗ്രാന്റും

**(വിഹിതം: 200.00 ലക്ഷം രൂപ)**

കേരളത്തിലെ മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ദ്ധർ, കൈപ്പണിക്കാർ, പൂർണ്ണ വൈദഗ്ദ്ധ്യമില്ലാത്ത തൊഴിലാളികൾ എന്നിവരുടെ വൈദഗ്ദ്ധ്യം കൂട്ടുന്നതിന്/ശക്തിപ്പെടുത്തുന്നതിനാണ് ഈ ഉപപദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ബന്ധപ്പെട്ട മേഖലയിൽ ഉയർന്ന നിലവാരത്തിലുള്ള നൈപുണ്യ പരിശീലനം നൽകുക, ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുവാനുള്ള സബ്സിഡി തുക അനുവദിക്കുക എന്നിവ ഈ പദ്ധതിയുടെ ഘടകങ്ങളാണ്. എല്ലാ തരത്തിലുള്ള പരമ്പരാഗത കരകൗശല വൈദഗ്ദ്ധ്യ പോഷണവും ഈപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതും പ്രളയ ദുരിതമനുഭവിച്ചവർക്ക് പ്രത്യേക പരിഗണന നൽകുന്നതുമാണ്. 2019-20 കാലയളവിൽ ഈ പദ്ധതിയിലൂടെ ഏകദേശം 600 കുടുംബങ്ങൾക്ക് സഹായം ലഭിക്കുന്നതാണ്. 25,000 രൂപ എന്ന നിരക്കിൽ പ്രോജക്ട് തുകയുടെ 50 ശതമാനം പരമാവധി പരിശീലനത്തിനും സബ്സിഡിക്കുമുള്ള സാമ്പത്തിക സഹായം നിജപ്പെടുത്തിയിരിക്കുന്നു.

പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങളെ സഹായിക്കുവാൻ 'പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് സ്വന്തമായി വരുമാനമുണ്ടാക്കുന്നതിന് നൈപുണ്യ വികസനം' എന്ന പുതിയ ഘടകത്തിനായി 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിന്റെ ഭാഗമായി വസ്ത്ര നിർമ്മാണം, ആഭരണ നിർമ്മാണം, മൊബൈൽ ഫോൺ റിപ്പയറിംഗ്, കുട നിർമ്മാണം ഡി.റ്റി.പി/ഫോട്ടോഷോപ്പ് കിയോസ്കുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പരിശീലനവും വൈദഗ്ദ്ധ്യവും സർക്കാർ, അർദ്ധ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളായ കുടുംബശ്രീ തുടങ്ങിയവയുടെ സഹകരണത്തോടുകൂടി നൽകുകയും അതു വഴി സ്വയം തൊഴിൽ ആരംഭിക്കുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. 2019-20-ൽ ഏകദേശം 200 കുടുംബങ്ങൾക്ക് 25,000 രൂപ വീതം സഹായം ലഭ്യമാക്കും.

2019-20 കാലയളവിൽ 200.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

### 5. മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള വിദേശ സ്കോളർഷിപ്പുകൾ

**(വിഹിതം: 120.00 ലക്ഷം രൂപ)**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തെരഞ്ഞെടുത്ത പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മെഡിസിൻ, നിയമം, അഗ്രിക്കൾച്ചർ സയൻസ്, മാനേജ്മെന്റ്, ശാസ്ത്ര വിഷയങ്ങൾ, എഞ്ചിനീയറിംഗ് എന്നീ മേഖലകളിൽ ബിരുദാനന്തര ബിരുദവും പി.എച്ച്.ഡി.യും ചെയ്യുന്നതിന് ഈ പദ്ധതി വഴി സാമ്പത്തിക സഹായം കൊടുക്കാൻ ഉദ്ദേശിക്കുന്നു. 3 വർഷം അല്ലെങ്കിൽ കോഴ്സ് കാലാവധി ഇതിൽ ഏതാണോ കുറവ് ആ കാലാവധി വരെ മാത്രമേ സാമ്പത്തിക സഹായം ലഭിക്കുകയുള്ളൂ.

ഇന്ത്യയിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനത്തിന് അടുത്തുള്ള സ്ഥലത്തേക്കും തിരിച്ചുമുള്ള ഏറ്റവും ദൂരം കുറഞ്ഞ വഴിക്കുള്ള ഇക്കോണമി ക്ലാസുകളിലുള്ള വിമാന ചാർജ്ജുകൾ, യഥാർത്ഥ കോഴ്സ് ഫീസ്, മെയിന്റനൻസ് അലവൻസുകൾ, അകസ്മിക യാത്രാ അലവൻസുകൾ, സാമഗ്രികൾ വാങ്ങിക്കുവാനുള്ള അലവൻസുകൾ, തലവരി നികുതി, വിസ ഫീസ്, മെഡിക്കൽ ഇൻഷ്വറൻസ് പ്രീമിയം എന്നിവയുടെ ആകെ ചെലവിന്റെ 50 ശതമാനം അല്ലെങ്കിൽ പരമാവധി 10 ലക്ഷം രൂപ ഇവയിൽ ഏതാണോ കുറവ് അത് വിദ്യാർത്ഥികൾക്ക് ഈ കോഴ്സിന്റെ കാലയളവിൽ ലഭ്യമാക്കുന്നു. ലിംഗനിർണ്ണയ സ്ഥിതി വിവരത്തിന്റെ അടിസ്ഥാനത്തിൽ നിന്ന് 30 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു. ഈ പരിപാടിക്കായി 120.00 ലക്ഷം രൂപ 2019-20-ൽ വകയിരുത്തിയിരിക്കുന്നു..

## 6. തൊഴിൽദായക പദ്ധതികൾ (ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ)

**(വിഹിതം: 850.00. ലക്ഷം രൂപ)**

ഈ പരിപാടിയിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

### (എ) തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന പരിപാടി/പരിശീലനം

**(വിഹിതം: 750.00 ലക്ഷം രൂപ)**

ഗവൺമെന്റ് നിബന്ധനകൾക്ക് വിധേയമായി വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷ, നെറ്റ്, ഗേറ്റ്, മാറ്റ് തുടങ്ങിയ പരീക്ഷകൾക്കും ബാങ്ക്, ഇൻഷ്വറൻസ്, പൊതു മേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ കേന്ദ്ര സംസ്ഥാന സർവീസുകളിൽ ജോലിക്കായുള്ള മത്സര പരീക്ഷകൾക്കുമുള്ള പരിശീലനത്തിന് ആവശ്യമായ ധനസഹായം നൽകുന്നു. പരിശീലന സ്ഥാപനങ്ങളെ അവരുടെ അപേക്ഷയുടെയും വൈദഗ്ദ്ധ്യത്തിന്റെയും അടിസ്ഥാനത്തിൽ വിദഗ്ദ്ധരുടെ ഒരു സമിതി തെരഞ്ഞെടുക്കും. ഗവൺമെന്റ് മാനദണ്ഡങ്ങൾക്ക് വിധേയമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റു പിന്നാക്ക വിഭാഗ കുടുംബങ്ങളുടെ വികസനത്തിനായി സ്വയം തൊഴിൽ ആരംഭിക്കുവാൻ 100 ലക്ഷം രൂപയും പ്രൊഫഷണൽ കോഴ്സുകൾ പാസ്സായ ഉദ്യോഗാർത്ഥികൾക്ക് പുതിയ സംരംഭങ്ങൾ തുടങ്ങുവാനായി 100 ലക്ഷം രൂപയും ഈ ഘടകത്തിൽ വകയിരുത്തിയിട്ടുണ്ട്. മറ്റുള്ള ഘടകങ്ങൾക്കുള്ള അപേക്ഷകൾ കുറവാണെങ്കിൽ 2019-20-ൽ യോഗ്യതാ പരീക്ഷയിൽ 80 ശതമാനത്തിൽ അധികം മാർക്ക് കരസ്ഥമാക്കിയവരെ മെഡിക്കൽ/എൻജിനീയറിംഗ് പ്രവേശന പരീക്ഷകളുടെ പരിശീലനത്തിന് പരിഗണിക്കാവുന്നതാണ്.

പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്കുണ്ടായ നഷ്ടം കുറയ്ക്കുവാൻ വേണ്ടി "പ്രളയ ബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളി വർഗ സമുദായങ്ങൾക്ക് ജീവനോപാധി പുനസ്ഥാപന സഹായം" എന്ന പുതിയ ഘടകം ഉൾക്കൊള്ളിച്ചിരിക്കുന്നു. നെയ്ത്ത്, കള്ളുചെത്ത്, ടാപ്പിംഗ്, മരപ്പണി, ചെരുപ്പുകുത്ത് തുടങ്ങിയ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആധുനിക ഉപകരണങ്ങളും സൗകര്യങ്ങളും നൽകുക വഴി അവരുടെ പാരമ്പര്യ ജീവിതത്തെ പുനരുദ്ധരിക്കുകയാണ് ലക്ഷ്യം. 400 കുടുംബങ്ങൾക്ക് 25,000 രൂപ വീതം നൽകുവാൻ ഇതിലൂടെ ഉദ്ദേശിക്കുന്നു.

ലിംഗനിർണ്ണയ സ്ഥിതി വിവരത്തിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു 2019-20-ൽ ഈ പരിപാടിക്കായി 750.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു..

### (ബി) പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ സ്വകാര്യ മേഖലയിലെ തൊഴിലുകൾ ലഭ്യമാക്കൽ

**(വിഹിതം: 100.00 ലക്ഷം രൂപ)**

ഓട്ടോ മൊബൈൽ, ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ, പോളിമർ സാങ്കേതിക വിദ്യ തുടങ്ങിയ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായ് ഈ പദ്ധതി ലക്ഷ്യമിടുന്നു. സർക്കാർ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അധികമായി വേണ്ടി വരുന്ന പരിശീലന ചെലവുകളും പ്രതിമാസ സ്റ്റൈപ്പന്റും തൊഴിലന്വേഷകർക്ക് നല്കുന്നു. പരിശീലന ചെലവിനായി ഒരാൾക്ക് പ്രതിമാസം പരമാവധി 8,000 രൂപ വീതം 10 മാസത്തേക്ക് നൽകുവാൻ ഉദ്ദേശിക്കുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അനുയോജ്യമായ തൊഴിലുകൾ നൽകുന്നുവെന്ന് ഉറപ്പാക്കണം. 2019-20-ൽ ഈ പരിപാടിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 7. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ആധുനീകരണം (മോണിറ്ററിംഗ്, ഓഫീസ് ഓട്ടോമേഷൻ, ഉപകരണങ്ങൾ, ഭരണ നടത്തിപ്പ്)

**(വിഹിതം: 50.00 ലക്ഷം രൂപ)**

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ആധുനികവൽക്കരണമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പിന്നാക്കക്ഷേമ വകുപ്പിന്റെ ഓഫീസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുക, പദ്ധതികൾ ഓൺലൈൻ മുഖേനയാക്കുന്നതിന്, പുതിയ സോഫ്റ്റ് വെയർ, ഹാർഡ് വെയർ എന്നിവ ലഭ്യമാക്കൽ, ഓഫീസ് ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് ലഭ്യമാക്കുക, വകുപ്പിലെ ഓഫീസർമാർക്കും സ്റ്റാഫുകൾക്കും ദേശീയ തലത്തിൽ ഔദ്യോഗിക പരിശീലന പരിപാടികൾ നടത്തുക, പ്രാദേശിക ഓഫീസുകളിലും ഡയറക്ടറേറ്റിലും അടിസ്ഥാന

സൗകര്യങ്ങൾ ഒരുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സംസ്ഥാന പ്ലാനിംഗ് ബോർഡിലെ വിദഗ്ധരായ ഉയർന്ന ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ആസൂത്രണ മോണിറ്ററിംഗ് സെൽ 2019–20–ൽ രൂപീകരിക്കുന്നതാണ്. 2019–20–ൽ 50.00 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

## 8. പ്രീ മെട്രിക് സ്കോളർഷിപ്പ് (സംസ്ഥാന വിഹിതം 50 ശതമാനം)–ഒ.ബി.സി

**(വിഹിതം: 2500.00 ലക്ഷം രൂപ)**

സർക്കാർ ഉത്തരവുകൾ പ്രകാരം മാതാപിതാക്കളുടെ വാർഷിക വരുമാനം നിശ്ചിത പരിധിയിൽ താഴെയുള്ള മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുവാൻ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ഒന്നാം ക്ലാസ്സിലോ/പ്രീമെട്രിക് ഘട്ടത്തിലെ തുടർന്നുള്ള ക്ലാസ്സുകളിലോ പഠിക്കുന്ന കുട്ടികൾക്ക് ഈ സ്കോളർഷിപ്പ് നൽകുന്നു. 10–ാ ക്ലാസ്സിൽ എത്തുന്നതോടെ ഈ സ്കോളർഷിപ്പ് അവസാനിക്കുന്നു. മുൻവർഷത്തെ വാർഷിക പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികൾക്കായി ഈ പദ്ധതി പരിമിതപ്പെടുത്തിയിരിക്കുന്നു. 2019–20–ൽ ഈ പരിപാടിക്കായി 2,500.00 ലക്ഷം രൂപ 50 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു. ലിംഗ നിർണ്ണയ സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ നിന്നും 60 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

## 9. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ (40 ശതമാനം സംസ്ഥാന വിഹിതം) ഒ.ബി.സി.

**(വിഹിതം:100.00 ലക്ഷം രൂപ)**

മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും താമസിക്കുവാൻ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആവശ്യത്തിന് ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാൽ കുട്ടികൾ പഠന ആവശ്യത്തിനായി സ്വകാര്യ വാടക മുറികളിൽ താമസ സൗകര്യം ഏർപ്പെടുത്തുവാൻ നിർബന്ധിതരാകുന്നു. കൂടാതെ ഗ്രാമീണ പശ്ചാത്തലത്തിൽ നിന്ന് പഠനത്തിനായി പ്രൊഫഷണൽ കോളേജുകളിൽ എത്തിപ്പെടുന്ന കുട്ടികൾക്ക് താമസ സൗകര്യം ഒരുക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. 40 ശതമാനം സംസ്ഥാന വിഹിതമായി 100.00 ലക്ഷം രൂപ ഈ ഘടകത്തിനായി 2019–20–ൽ വകയിരുത്തിയിരിക്കുന്നു.

## (ഡി) ന്യൂനപക്ഷ ക്ഷേമം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രധാനമന്ത്രി ജനവികാസ് കാര്യക്രമ് – (ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിൽ ബഹുമേഖലാ വികസന പരിപാടികൾ) (40 ശതമാനം സംസ്ഥാനവിഹിതം) | 1,000.00 |
| 2. | സ്കോളർഷിപ്പ് പദ്ധതികൾ (ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ) | 485.00 |
| 3. | വൈദഗ്ധ്യ വികസനം (ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ) | 300.00 |
| 4 | അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ (ഒരു കുടക്കീഴിൽ വരുന്ന പരിപാടികൾ) | 1,285.00 |
| 5 | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഓഹരി മൂലധനം | 1,500.00 |
| 6 | വിവാഹ പൂർവ്വ കൗൺസിലിങ്ങും സോഫ്റ്റ് സ്കിൽ വികസനവും | 80.00 |
| 7 | കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ ഒരു ന്യൂനപക്ഷ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ | 200.00 |
| 8 | ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ആധുനീകരണം. (പുതിയ പദ്ധതി) | 25.00 |
| | **ആകെ** | **4,875.00** |